"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-പിണറായി പെരുമ സർഗ്ഗോത്സവം -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

**G.O.(Rt)No.603/2024/TSM** തീയതി,തിരുവനന്തപുരം, **21-10-2024**

---

പരാമർശം:- 1. പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി സമക്ഷം സമർപ്പിച്ച **17.10.2023** ലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **05.10.2024** തിയതിയിലെ **DOT/3371/2024-M1** നം കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പിണറായി പെരുമ കൾച്ചറൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ **2023** ഏപ്രിൽ **1** മുതൽ **14** വരെ നടത്തിയ പിണറായി പെരുമ സർഗ്ഗോത്സവത്തിന് മാർക്കറ്റിംഗ് ഓഫ് ആർട്സ് ഇനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം **(2)** പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പിണറായി പെരുമ കൾച്ചറൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ **2023** ഏപ്രിൽ **1** മുതൽ **14** വരെ നടത്തിയ പിണറായി പെരുമ സർ ഗ്ഗോത്സവത്തിന് **3452-80-104-99**-പൈതൃകം പരിസ്ഥിതി സംസ്കാരം

എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും-01-വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം(പിവി) എന്ന ശീർഷകത്തിൽ നിന്നും ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്തു വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAGADEES D**

**ADDITIONAL SECRETARY**

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രസിഡന്റ്, പിണറായി പെരുമ കൾച്ചറൽ & ചാരിറ്റബിൾ സൊസൈറ്റി ,
പിണറായി കണ്ണൂർ- 670741. { വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന}
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,
തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് {വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്}
കരുതൽ ഫയൽ //ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 21-10-2024 12:44:25

പകർപ്പ്.
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്